# HSA ഫിസിക്കൽ സയൻസ്

## മാതൃകാപരീക്ഷ - 5

1. ജലത്തിനെ $0^0C$ യിൽ നിന്നും $10^0C$ ലേയ്ക്ക് ഉയർത്തിയാൽ അതിന്റെ വ്യാപ്തം
   A. കൂടുന്നു
   B. കുറയുന്നു
   C. വ്യത്യാസപ്പെടുന്നില്ല
   D. ആദ്യം കുറയുന്നു, പിന്നീട് കൂടുന്നു
2. ഓസോൺ കുട എന്ന് പറയാറുള്ള ഭാഗം ______ ആണ്.
   A. ട്രോപ്പോസ്ഫിയർ  B. സ്ട്രാറ്റോസ്ഫിയർ
   C. മെസോസ്ഫിയർ  D. അയണോസ്ഫിയർ
3. പ്രകൃത്യാലുള്ള റേഡിയോ ആക്റ്റിവിറ്റി കണ്ടെത്തിയത്
   A. ഫ്രെഡറിക് ജൂലിയറ്റ്  B. മേരി ക്യൂറി
   C. ഹെൻറി ബെക്കുറൽ  D. റുഥർ ഫോർഡ്
4. വാച്ചിലെ സ്ഫടിക ക്രിസ്റ്റലുകളുടെ പ്രവർത്തനത്തിന് അടിസ്ഥാനം
   A. ജോൺസൺ പ്രഭാവം
   B. ഫോട്ടോ ഇലക്ട്രിക് പ്രഭാവം
   C. എഡിസൺ പ്രഭാവം
   D. പീസോ ഇലക്ട്രിക് പ്രഭാവം
5. $6\,\Omega$ പ്രതിരോധമുള്ള ഒരു ചാലകത്തിൽ കൂടി 4 ആമ്പിയർ കറന്റ് പ്രവഹിക്കണമെങ്കിൽ പ്രയോഗിക്കേണ്ടി വരുന്ന വോൾട്ടതാ വ്യതിയാനം ______ ആണ്.
   A. 12 വോൾട്ട്  B. 8 വോൾട്ട്
   C. 24 വോൾട്ട്  D. 10 വോൾട്ട്
6. "തയോക്കോൾ" ഒരു ______ ആണ്.
   A. കൃത്രിമ നാര്  B. കൃത്രിമ റബ്ബർ
   C. കളനാശിനി  D. കീടനാശിനി
7. [Ar] $4s^1$ ഇലക്ട്രോൺ വിന്യാസം ഏതു മൂലകത്തിന്റേതാണ് ?
   A. Na  B. K  C. Ca  D. Cs
8. മാംഗനീസിന്റെ ഓക്സീകരണാവസ്ഥ ഏറ്റവും കൂടിയ സംയുക്തമാണ്
   A. $MnCl_2$  B. $MnO_2$  C. $Mn_2O_4$  D. $Mn_2O_7$
9. ഏറ്റവും കുറഞ്ഞ വൈദ്യുതചാലകതയുള്ള ലോഹം
   A. Pb  B. Cu  C. Au  D. Zn
10. ബെൻസീനിന്റെ ഹോമലോഗ് ആണ്
   A. ബെൻസീൻ ഹെക്സാക്ലോറൈഡ്
   B. ഹെക്സാ ക്ലോറോ ബെൻസീൻ
   C. ടൊളൂവിൻ
   D. ഫീനോൾ
11. ഒരു ഓർഗാനിക് സംയുക്തത്തിലെ കാർബൺ $SP^2$ ഹൈബ്രിഡൈസേഷനിൽ ആണെങ്കിൽ അതിന്റെ എത്ര ശതമാനം സംയോജകത പൂരിതമായിട്ടുണ്ടാകണം?
   A. 25%  B. 50%  C. 75%  D. 100%
12. താഴെപ്പറയുന്നതിൽ സദിശ അളവ് ______ ആണ്.
   A. ആക്കം  B. മർദ്ദം
   C. ഊർജ്ജം  D. പ്രവൃത്തി
13. ജലത്തിലെ ഐസ്കട്ട ഉരുകിയാൽ ജലനിരപ്പ്
   A. ഉയരും
   B. കുറയും
   C. വ്യത്യാസമില്ലാതെ തുടരും
   D. ആദ്യം ഉയരും, പിന്നീട് കുറയും
14. 2 kg ഭാരമുള്ള ഒരു വസ്തു സ്പ്രിംഗ്ത്രാസിൽ തൂക്കിയിടുക. വസ്തുവിനോടൊപ്പം സ്പ്രിംഗ്ത്രാസിനെ താഴേയ്ക്കിടുക. സ്പ്രിംഗ്ത്രാസിലെ സൂചിയുടെ സ്ഥാനം ______ ആകുന്നു.
   A. 9.8 N  B. പൂജ്യം  C. 19.6 N  D. 2 kg wt
15. അറ്റോമികഭാരം കൂടുതലുള്ള പദാർത്ഥങ്ങളിൽ കാഥോഡ് രശ്മികൾ പതിക്കാനിടയായാൽ ______ പുറപ്പെടുന്നു.
   A. ആൽഫാ രശ്മികൾ  B. ബീറ്റാ രശ്മികൾ
   C. എക്സ് രശ്മികൾ  D. പോസിറ്റീവ് രശ്മികൾ
16. ഏറ്റവും ലഘുവായ ഓർഗാനിക് സംയുക്തമാണ്
   A. മീഥയ്ൻ  B. ബെൻസീൻ
   C. അസറ്റിലിൻ  D. എഥീൻ
17. സൂര്യപ്രകാശത്തിൽ സി.ഡി. യിൽ (Compact Disc) മഴവില്ലിലേതുപോലെ വർണങ്ങൾ കാണപ്പെടാൻ കാരണം ______ ആണ്
   A. റിഫ്ളക്ഷനും ഡിഫ്രാക്ഷനും
   B. പ്രതിഫലനം
   C. ഡിഫ്രാക്ഷൻ
   D. അപവർത്തനവും ഡിഫ്രാക്ഷനും

18. ആക്ക വ്യത്യാസത്തിന്റെ നിരക്ക് കണ്ടുപിടിക്കാൻ ______ എന്ന വാക്യം ഉപയോഗിക്കുന്നു.

A. $\frac{m(v-u)}{t}$ B. $\frac{m(v^2-u^2)}{t}$

C. $\frac{m(v_1-v_2)}{t}$ D. $\frac{t(v_2-v_1)}{m}$

19. അണുകേന്ദ്രബലത്തിന്റെ മൂല്യം ഗുരുത്വാകർഷണബലത്തിന്റെ മൂല്യത്തിന്റെ ______ മടങ്ങാണ്.

A. $10^{30}$ B. $10^{35}$ C. $10^{10}$ D. $10^{37}$

20. താഴെപ്പറയുന്നതിൽ ഇലാസ്തികത ഏറ്റവും കൂടിയത്

A. റബ്ബർ B. സ്പോഞ്ച്

C. സ്റ്റീൽ D. ഗ്ലാസ്

21. ഒരു പ്രത്യേക പദാർത്ഥത്തിലെ തന്മാത്രകളിലെ ആറ്റം ഘടന

A. വ്യത്യാസമായിരിക്കും

B. ഒരുപോലെയായിരിക്കും

C. തന്മാത്രാഘടന തുല്യം ആറ്റം ഘടന വ്യത്യാസം

D. തന്മാത്രാഘടന വ്യത്യാസം ആറ്റം ഘടന തുല്യം

22. ആറ്റത്തിനുള്ളിൽ നെഗറ്റീവ് ചാർജുള്ള ഒരു കണം ഉള്ളതായി കണ്ടെത്തിയത്

A. ജോൺ ഡാൾട്ടൻ B. ജെ.ജെ. തോംസൺ

C. ബർസിലിയസ് D. സെന്റ് ലാറൻസ്

23. മൂലകങ്ങളെ ട്രയാഡുകളാക്കി വർഗ്ഗീകരിച്ച ശാസ്ത്രജ്ഞനാണ്

A. ബലാവോസിയ B. ന്യൂലാൻഡ്സ്

C. ഡോബറെയ്നർ D. മെൻഡലേയ്വ്

24. സ്വയം നടക്കുന്ന രാസപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന ഉൽപന്നങ്ങളുടെ സ്ഥിരത

A. കൂടുതലായിരിക്കും

B. കുറവായിരിക്കും

C. അഭികാരകങ്ങളുടേതിന് തുല്യമായിരിക്കും

D. ഇവയൊന്നുമല്ല

25. താഴെ പറയുന്നവയിൽ ആനയോൺ ആണ്...........

A. ഹൈഡ്രജൻ അയോൺ

B. ഹൈഡ്രോക്സൈഡ് അയോൺ

C. കാത്സ്യം അയോൺ

D. അമോണിയം അയോൺ

26. വായുവിൽ തുറന്നിരുന്നാൽ ലോഹദ്യുതി ഏറ്റവും വേഗം നഷ്ടപ്പെടുന്ന ലോഹം ഏത്?

A. പൊട്ടാസ്യം B. സോഡിയം

C. മഗ്നീഷ്യം D. ഗോൾഡ്

27. വായുവിന്റെ അധോമുഖാദേശം (താഴോട്ടുള്ള ആദേശം വഴി) ജാറുകളിൽ സംഭരിക്കാറുള്ള വാതകമാണ് ______ .

A. കാർബൺഡൈഓക്സൈഡ്

B. സൾഫർ ഡൈഓക്സൈഡ്

C. അമോണിയ

D. നൈട്രജൻ

28. ഒരു ചതുരശ്ര സെന്റിമീറ്ററിലെ അന്തരീക്ഷ മർദ്ദം -- ആണ്

A. 100 kg.wt B. 1 kg. wt

C. 100 kg. wt D. 1000 kg. wt.

29. ദൃശ്യപ്രകാശത്തെക്കാൾ തരംഗദൈർഘ്യം കൂടിയതും ദൃശ്യപ്രകാശത്തോടൊപ്പം സഞ്ചരിക്കുന്നതുമായ ഒരു വികിരണമാണ്

A. ഇൻഫ്രാറെഡ് B. അൾട്രാ വയലറ്റ്

C. X-കിരണം D. ഗാമാകിരണം

30. ശബ്ദത്തിന്റെ വേഗത ഏറ്റവും കൂടുതലായിരിക്കുന്നത്

A. വായുവിൽ B. ജലത്തിൽ

C. ശൂന്യതയിൽ D. സ്റ്റീലിൽ

31. ഔഷധ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഒരു റേഡിയോ ഐസോടോപ്പാണ് -------

A. കാർബൺ-14 B. ട്രിഷ്യം

C. ഓക്സിജൻ-15 D. യുറേനിയം-238

32. താഴെപ്പറയുന്നവയിൽ താപന ഉപകരണമല്ലാത്തതേത്?

A. സോൾഡറിംഗ് അയേൺ

B. ഇലക്ട്രിക് കെറ്റിൽ

C. ഇലക്ട്രിക് ഫാൻ

D. വൈദ്യുത അയൺ

33. താഴെക്കൊടുത്തിരിക്കുന്നതിൽ പ്രാതിനിധ്യമൂലകം അല്ലാത്തത്

A. ഓക്സിജൻ B. സോഡിയം

C. ഫ്ളൂറിൻ D. നിയോൺ

34. ആവർത്തനപ്പട്ടികയിലെ ഏറ്റവും ചെറിയ ആറ്റം

A. H B. F C. He D. Be

35. "ഹൈഡ്രോലിത്" എന്നറിയപ്പെടുന്നത്

A. $LialH_4$ B. $Ca(OH)_2$ C. $CaH_2$ D. $N_2O_5$

36. ഒരേയിനം തന്മാത്രകൾക്കിടയിൽ അനുഭവപ്പെടുന്ന ആകർഷണബലമാണ്

A. കേശികത്വം B. അഡ്ഹിഷൻ

C. കൊഹിഷൻ D. വിസ്കസ് ബലം

37. എൽ.പി.ജി.യിലെ പ്രധാന ഘടകമാണ്

A. മീഥൈൻ B. ബ്യൂട്ടൈൻ

C. എഥിലിൻ D. അസറ്റിലിൻ

38. സ്പ്രിംഗ് ബാലൻസിന്റെ പ്രവർത്തന തത്വം ---- ആണ്.

A. ബോയിൽ നിയമം B. ഹൂക്ക്സ് നിയമം

C. ബർണോളി നിയമം D. പാസ്കൽ നിയമം

39. ലേസർ കണ്ടുപിടിച്ചത് ---- ആണ്.

A. ചാൾസ് എസ്. ടൗൺസ്

B. തിയോഡാർ മെയ്മാൻ

C. സി.ഹൈജൻസ്

D. സാമുവൽ മോഴ്സ്

40. താഴെപ്പറയുന്നവയിൽ ഏതാണു ബർണോളിയുടെ തത്വപ്രകാരം പ്രവർത്തിക്കുന്നത്?

A. ഗ്യാസ് ലൈറ്റർ

B. ഗ്യാസ് സ്റ്റൗ

C. ബുൺസൺ പ്രഭാവം

D. ഇവയൊന്നുമല്ല

41. മിന്നൽ രക്ഷാചാലകം നിർമ്മിക്കുന്നത് ---- ഉപയോഗിച്ചാണ്.

A. അയൺ  B. സ്റ്റീൽ

C. കോപ്പർ  D. അലൂമിനിയം

42. ചെയിൻ റിയാക്ഷൻ സാധ്യമാകുന്ന യുറേനിയത്തിന്റെ ഐസോടോപ്പാണ്

A. U-235  B. U-238

C. U-239  D. ഇവയൊന്നുമല്ല.

43. പ്ലാങ്ക് സ്ഥിരാങ്കത്തിന്റെ വില --- ആണ്.

A. $6.65 \times 10^{34}$ JS  B. $6.67 \times 10^{-34}$ JS

C. $1.6 \times 10^{-19}$ JS  D. $6.62 \times 10^{-34}$ JS

44. അന്താരാഷ്ട്ര മോൾ ദിനം

A. ഓക്ടോബർ 23  B. ഒക്ടോബർ 13

C. ഒക്ടോബർ 18  D. ഒക്ടോബർ 5

45. സാധാരണഗതിയിൽ ഗ്രൂപ്പിൽ വ്യത്യാസം വരാത്തത്

A. ഇലക്ട്രോ നെഗറ്റിവിറ്റിക്ക്

B. അയോണീകരണ ഊർജ്ജത്തിന്

C. സംയോജകതയ്ക്ക്

D. ആറ്റത്തിന്റെ വലിപ്പത്തിന്

46. തണുത്ത ജലത്തിൽ കൂടുതൽ ലയിക്കുകയും ചൂടു വെള്ളത്തിൽ കുറച്ച് മാത്രം ലയിക്കുകയും ചെയ്യുന്ന ഒരു സംയുക്തമാണ് ----.

A. $Ca(OH)_2$  B. $KNO_3$  C. KCl  D. NaOH

47. ഒരു ജലതന്മാത്രയിൽ അടങ്ങിയിരിക്കുന്ന ആകെ ഇലക്ട്രോണുകൾ എത്ര?

A. 10  B. 8  C. 12  D. 18

48. പെന്റെയ്ൻ (pentane) എന്ന സംയുക്തത്തിന് എത്ര ഐസോമറുകൾ ഉണ്ട്?

A. 1  B. 2  C. 3  D. 4

49. മാലക്കൈറ്റിന്റെ രാസസൂത്രം

A. $Cu(OH)_2 . CuCl_2$  B. $Cu(OH)_2 . CuCO_3$

C. $Zn(OH)_2 . CuCO_3$  D. $Ca(OH)_2 . CaCO_3$

50. ഒരു ഡൈനാമോയിലെ ഊർജ്ജമാറ്റം

A. കാന്തികോർജ്ജം വൈദ്യുതോർജ്ജമാകുന്നു

B. വൈദ്യുതോർജ്ജം യാന്ത്രികോർജ്ജമാകുന്നു

C. യാന്ത്രികോർജ്ജം കാന്തികോർജ്ജമാകുന്നു.

D. ഇവയൊന്നുമല്ല

51. 'ഒരു സ്പ്രേയറിന്റെ പ്രവർത്തന തത്വം' വിശദീകരിച്ച ശാസ്ത്രജ്ഞൻ ആര്?

A. ന്യൂട്ടൺ  B. ആർക്കിമിഡീസ്

C. ബോയിൽ  D. പാസ്കൽ

52. മനുഷ്യനേത്രത്തോട് ഉപമിക്കാവുന്ന ക്യാമറയുടെ ഭാഗം

A. ലെൻസ്  B. ഫിലിം

C. അപെർച്ചർ  D. ഷട്ടർ

53. നദിയിൽ നിന്നും കടലിലേയ്ക്ക് പ്രവേശിക്കുന്ന ഒരു കപ്പൽ

A. കുറച്ചു താഴുന്നു

B. നന്നായി ഉയരുന്നു

C. താഴുകയോ ഉയരുകയോ ചെയ്യുന്നില്ല

D. ചലനം നിലയ്ക്കുന്നു

54. മഞ്ഞു മൂടിയ ഒരു തടാകത്തിന്റെ ഉപരിതലത്തിലെ താപനില $-15^0$C ആണ്. എന്നാൽ മഞ്ഞുപാളിയുമായി ചേർന്നുകിടക്കുന്ന ഭാഗത്തെ ജലത്തിന്റെ താപനില -------- ആയിരിക്കും.

A. $0^0$C  B. $4^0$C  C. $--15^0$C  D. $-7.5^0$C

55. റെക്ടിഫയർ ഉപയോഗിക്കുന്നത്

A. DC യെ AC ആക്കാൻ

B. AC യെ DC ആക്കാൻ

C. ഉയർന്ന വോൾട്ടേജിനെ താഴ്ന്ന വോൾട്ടേജാക്കാൻ

D. താഴ്ന്ന വോൾട്ടേജിനെ ഉയർന്ന വോൾട്ടേജാക്കാൻ

56. ടേപ്പ് റിക്കോർഡറിന്റെ പ്രവർത്തനതത്വം

A. വൈദ്യുതകാന്തികപ്രേരണം

B. ഫോട്ടോ ഇലക്ട്രിക് ഇഫക്ട്

C. കാന്തികപ്രേരണം

D. ഇവയൊന്നുമല്ല

57. ഏതു രീതിയിൽ താപനഷ്ടം ഉണ്ടാകാതിരിക്കാനാണ് തെർമോഫ്ളാസ്കിന്റെ ഇരട്ടഭിത്തികൾക്കിടയിൽ ശൂന്യത സൃഷ്ടിച്ചിരിക്കുന്നത് ?

A. വികിരണം

B. ചാലനവും സംവഹനവും

C. സംവഹനം

D. ചാലനം

58. "ടെയിലിംഗ് ഓഫ് മെർക്കുറി" (Tailing of Mercury) നടത്താൻ കഴിവുള്ള വാതകം

A. $F_2$  B. $O_2$  C. $Cl_2$  D. $O_3$

59. താഴെക്കൊടുത്തിരിക്കുന്നതിൽ $K_p = K_c$ ആയിട്ടുള്ളത് ഏതിനാണ്.

A. $N_2 + 3H_2 \rightarrow 2NH_3$

B. $2NO_2 \rightarrow N_2O_4$

C. $CaCO_3 \rightarrow CaO + CO_2$

D. $H_2 + Cl_2 \rightarrow 2HCl$

60. സൈക്ലോ ആൽക്കെയ്നുകളുടെ (Cycloalkanes) പൊതുവാക്യം (general formula)

A. $C_nH_{2n}$  B. $C_nH_{(2n+2)}$

C. $C_nH_{(2n-2)}$  D. $C_nH_{(2n+1)}$

61. യഥാർത്ഥ കാരണങ്ങൾക്ക് പകരം മറ്റു കാരണങ്ങൾ നൽകി തന്റെ പ്രവൃത്തികളെ സാധൂകരിക്കുന്ന തന്ത്രം

A. യുക്തീകരണം B. പ്രതിപൂർത്തി

C. താദാത്മീകരണം D. നിഷേധാത്മകത്വം

62. പി.ടി.എ. (അദ്ധ്യാപക രക്ഷാകർതൃ സംഘടന) യുടെ പ്രധാന ധർമ്മമെന്ത്?

A. അദ്ധ്യാപകരുടെ പ്രകടനം വിലയിരുത്തുക

B. സ്കൂൾ നടത്തിപ്പിനെക്കുറിച്ച് ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം നൽകുക

C. സ്കൂളും സമൂഹവുമായി നല്ല ബന്ധം വളർത്തുക

D. സമൂഹത്തിലെ വിദ്യാഭ്യാസത്തിന്റെ പുരോഗതി വിലയിരുത്തുക

63. മനുഷ്യാവകാശദിനം (Human Rights Day) സ്കൂളുകളിൽ ആഘോഷിക്കപ്പെടുന്നതുകൊണ്ട് നേടാനാകുന്നത്

A. ദേശീയോദ്ഗ്രഥനം B. മതസഹിഷ്ണുത

C. മാനവികതാബോധം D. അന്താരാഷ്ട്ര ധാരണ

64. ചോദ്യോത്തര രീതിയുടെ ഉപജ്ഞാതാവ് ആര്?

A. അരിസ്റ്റോട്ടിൽ B. റൂസ്സോ

C. സോക്രട്ടീസ് D. പ്ലേറ്റോ

65. ധിഷണാത്മക പഠനത്തിലെ (cognitive learning) പ്രധാന വ്യാപാരങ്ങളിൽ ഉൾപ്പെടാത്തത്

A. അറിയുക B. ഗ്രഹിക്കുക

C. തത്വങ്ങൾ പഠിക്കുക D. പഠിച്ചതു പ്രയോഗിക്കുക

66. ഒരു നല്ല പരീക്ഷയ്ക്ക് ആവശ്യം വേണ്ട പ്രത്യേകതകളിൽ പെടാത്തത്

A. വിശ്വാസ്യത B. ലാളിത്യം

C. സാധുത D. വസ്തുനിഷ്ഠത

67. റൂസ്സോയുടെ 'എമിലി' എന്ന ഗ്രന്ഥത്തിലൂടെ ഉരുത്തിരിഞ്ഞു വന്ന വിദ്യാഭ്യാസ ദർശനമാണ്

A. ആദർശവാദം B. പ്രായോഗിക വാദം

C. പ്രകൃതിവാദം D. യഥാർത്ഥവാദം

68. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെയും മറ്റു പിന്നോക്ക സമുദായക്കാരുടെയും വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകുന്ന അർട്ടിക്കിളാണ്

A. ആർട്ടിക്കിൾ 14 B. ആർട്ടിക്കിൾ 17

C. ആർട്ടിക്കിൾ 16 D. ആർട്ടിക്കിൾ 46

69. 'കിന്റർ ഗാർട്ട'ന്റെ സ്ഥാപകനായ ജർമ്മൻകാരൻ

A. പെസ്റ്റലോസി B. ഫ്രെബൽ

C. മോണ്ടിസ്സോറി D. സ്പെൻസർ

70. 'പ്രവർത്തിച്ച് പഠിക്കുക' എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നത്

A. പ്രകൃതിവാദം B. അസ്തിത്വവാദം

C. പ്രായോഗികതാവാദം D. പുരോഗമനവാദം

71. സൾട്ടൻ എന്ന ചിമ്പാൻസിയെ ഉപയോഗിച്ച് പരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞനാണ്.

A. കൊഹ്ലർ B. ടെർമാൻ

C. ടോൾമാൻ D. തോൺഡൈക്ക്

72. 'ബിഹേവിയറൽ സയൻസിൽ'പെടാത്തത്.

A. ആന്ത്രോപ്പോളജി B. സോഷ്യോളജി

C. സൈക്കോളജി D. ഫിസിയോളജി

73. 'പ്രൊഡക്ടീവ് തിങ്കിംഗ്' എഴുതിയതാര് ?

A. മാക്നിൻ B. വെർത്തീമർ

C. കപ്ലാൻ D. പ്ലേറ്റോ

74. 'സൂപ്പർ ഈഗോ' എന്ന ആശയത്തിന്റെ കർത്താവാണ്

A. ഫ്രെബൽ B. ഫ്രോയിഡ്

C. ബ്രൂണർ D. പിയാഷെ

75. ഡെലിക്വന്റ് ചിൽഡ്രൻ വ്യത്യസ്തനായിരിക്കുന്നത്

A. സാമൂഹ്യപരമായി B. ബൗദ്ധികപരമായി

C. വൈകാരികമായി D. ശാരീരികമായി

79. പ്രധാനപ്പെട്ട അഞ്ച് മാനുഷിക മൂല്യങ്ങളിൽ ഉൾപ്പെടാത്തതാണ്

A. സത്യം B. അഹിംസ

C. സ്നേഹം D. ജനാധിപത്യപരമായ ചിന്ത

77. ജോൺഡ്യൂയിയുടെ എക്സ്പെരിമെന്റൽ സ്കൂൾ അറിയപ്പെട്ടിരുന്നത്.

A. ഫ്രീ സ്കൂൾ B. ആക്റ്റിവിറ്റി സ്കൂൾ

C. പ്രോഗ്രസീവ് സ്കൂൾ D. കമ്മ്യൂണിറ്റി സ്കൂൾ

78. എഴുത്തു പരീക്ഷയിലൂടെ, അളക്കാൻ സാധിക്കാത്ത കഴിവ്

A. ഗ്രഹണശേഷി B. താത്പര്യം

C. പ്രായോഗികശേഷി D. വിജ്ഞാനം

79. SUPWന് പ്രാധാന്യം നൽകിയത്

A. ഈശ്വർഭായ് പട്ടേൽ കമ്മിറ്റി

B. മുതലിയാർ കമ്മിറ്റി

C. യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷൻ

D. ആദിശേഷയ്യാ കമ്മീഷൻ

80. താഴെപറയുന്നവയിൽ ഏത് വിദ്യാഭ്യാസമേഖലയുടെ വികസനമാണ് 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' ലക്ഷ്യമിടുന്നത് ?

A. അപ്പർപ്രൈമറി വിദ്യാഭ്യാസം

B. ഇൻഫോമൽ വിദ്യാഭ്യാസം

C. പ്രൈമറി വിദ്യാഭ്യാസം

D. പ്രീ-പ്രൈമറി വിദ്യാഭ്യാസം

81. കുടുംബം എന്നത് ഏതു ഗ്രൂപ്പിലുൾപ്പെടുന്നു?
A. ഫോമൽ ഗ്രൂപ്പ് B. ഇൻഫോമൽ ഗ്രൂപ്പ്
C. ഔട്ട് ഗ്രൂപ്പ് D. ഇൻ ഗ്രൂപ്പ്

82. വസ്തുനിഷ്ഠത ഏറ്റവും കുറഞ്ഞതും ആത്മനിഷ്ഠത കൂടിയതുമായ ചോദ്യങ്ങളാണ്
A. ഉപന്യാസമാതൃകാ ചോദ്യങ്ങൾ
B. ബഹുവികല്പ ചോദ്യങ്ങൾ
C. ചേരുംപടി ചേർക്കൽ
D. വാസ്തവാവാസ്തവചോദ്യങ്ങൾ

83. വസ്തുനിഷ്ഠ മാതൃകാചോദ്യത്തിൽ ഉൾപ്പെടാത്തതേത്?
A. പൂരിപ്പിക്കൽ മാതൃക B. ഹ്രസ്വോത്തര മാതൃക
C. സത്യാസത്യ മാതൃക D. ബഹൂത്തര മാതൃക

84. തിരക്കിട്ട സംഘചർച്ചകളിലൂടെ, പ്രത്യേക ആസൂത്രണമൊന്നും കൂടാതെ പ്രശ്നപരിഹാരത്തിനുവേണ്ടി സംഘടിപ്പിക്കുന്ന യോഗമാണ്
A. ആക്ഷൻ റിസർച്ച് B. ബസ്സ് സെഷൻ
C. സ്റ്റാഫ് മീറ്റിംഗ് D. പി.റ്റി.എ.

85. 'ഒരു പ്രതിഭാസത്തിൽ ബന്ധപ്പെട്ട ഘടകങ്ങളിൽ ഒന്നു മാത്രം അനുക്രമമായി ബന്ധപ്പെട്ടാൽ പരിതഃസ്ഥിതികൾ (ഘടകങ്ങൾ) തമ്മിൽ കാര്യകാരണ ബന്ധമുണ്ടായിരിക്കും, എന്നു വ്യക്തമാക്കുന്ന രീതി
A. അവശേഷ രീതി B. സംയുക്ത രീതി
C. വ്യതിരേക രീതി D. സഹപരിവർത്തന രീതി

86. ഒരു കുട്ടിയുടെ Z- Score പൂജ്യം ആണെങ്കിൽ ആ കുട്ടി താഴെപ്പറയുന്ന ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?
A. സമർത്ഥൻ B. ശരാശരിക്കാരൻ
C. അസാമാന്യൻ D. പിന്നോക്കപഠിതാവ്

87. മനഃചാലകമണ്ഡലത്തിൽ ഉൾപ്പെടാത്തതേത്?
A. പറയുക B. ഭൂപടം നോക്കുക
C. സൗന്ദര്യബോധം D. പടം വരയ്ക്കുക

88. ഗാന്ധിജിയുടെ വിദ്യാഭ്യാസ തത്വചിന്തകൾക്ക് ആരുടെ വിദ്യാഭ്യാസ ചിന്തയുമായിട്ടാണ് അഭേദ്യമായ ബന്ധമുള്ളത് ?
A. റൂസ്സോ B. പെസ്റ്റലോസി
C. അരബിന്ദോഘോഷ് D. ജോൺഡ്യൂയി

89. പഠനത്തിൽ വേണ്ടത്ര നിലവാരം പുലർത്താത്തതുകൊണ്ട് ഒരേ ക്ലാസ്സിൽ തന്നെ വീണ്ടും പഠിക്കേണ്ടിവരുന്ന അവസ്ഥയാണ്
A. ഗതിരോധം (Stagnation)
B. അപവ്യയം (Wastage)
C. ഗതിരോധവും അപവ്യയവും
D. ഇവയൊന്നുമല്ല

90. സെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികളുടെ ശാസ്ത്രപരമായ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1963ൽ NCERTയിലൂടെ നിലവിൽ വന്ന പദ്ധതിയാണ്
A. സർവ്വശിക്ഷാ അഭിയാൻ.
B. നാഷണൽ സയൻസ് ടാലന്റ് സെർച്ച് പ്രോഗ്രാം
C. ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം
D. ബയോളജിക്കൽ സയൻസ് കരിക്കുലം സ്റ്റഡി

91. മനഃചാലകമണ്ഡലത്തിൽ ഉൾപ്പെടാത്തതേത്?
A. പറയുക
B. ഭൂപടം നോക്കുക
C. സൗന്ദര്യബോധം
D. പടം വരയ്ക്കുക

92. രണ്ടോ അതിലധികമോ അദ്ധ്യാപകർ സഹകരിച്ച് ആസൂത്രണം ചെയ്ത് പഠനനിലവാരം മെച്ചപ്പെടുത്താൻ നടത്തുന്ന പദ്ധതിയാണ്.
A. സിമുലേഷൻ B. മൈക്രോടീച്ചിംഗ്
C. ആക്ഷൻ റിസർച്ച് D. ടീം ടീച്ചിംഗ്

93. ബോംബെ, മദ്രാസ്, കൽക്കട്ട എന്നിവിടങ്ങളിലായി മൂന്ന് സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് നിർദേശിച്ച കമ്മീഷനാണ്
A. കോത്താരികമ്മീഷൻ B. ഹണ്ടർ കമ്മീഷൻ
C. വുഡ്സ്ഡെസ്പാച്ച് D. രാധാകൃഷ്ണൻകമ്മീഷൻ

94. ഗാങ് എന്ന പദം സൂചിപ്പിക്കുന്നത്
A. സാമൂഹ്യപ്രതിഭാസം
B. താഴേക്കിടയിലെ സമൂഹം
C. ആൺകുട്ടികളുടെ സമൂഹം
D. സാമൂഹ്യവിരുദ്ധഘടകം

95. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്
A. അറിവ് വർദ്ധിപ്പിക്കൽ
B. വ്യക്തിത്വവികസനം
C. സാമൂഹ്യസേവനം
D. സ്വഭാവരൂപീകരണം

96. വിദ്യാഭ്യാസത്തെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ വർഷം
A. 1975 B. 1979 C. 1974 D. 1976

97. വിദ്യാർത്ഥികളുടെ മനോഭാവം മൂല്യനിർണ്ണയം ചെയ്യുന്നതിനുള്ള ഏറ്റവും ഉപയോഗപ്രദമായ മാർഗ്ഗമാണ്
A. എഴുത്തുപരീക്ഷ B. വാചാപരീക്ഷ
C. ഗൃഹപാഠം D. അഭിമുഖ സംഭാഷണം

98. വ്യക്തിത്വം അളക്കുന്നതിന് ഉപയോഗിക്കാവുന്ന മാർഗ്ഗം
A. TAT
B. CAT
C. TAT യും CATയും
D. ഇവയൊന്നുമല്ല

99. ജെസ്റ്റാൾട്ട് സൈക്കോളജിയുടെ മറ്റൊരു പേരാണ്
A. ഫീൽഡ് സൈക്കോളജി
B. ഫിനോമിനോളജി
C. ഓർഗാനിസമിക് സൈക്കോളജി
D. ഇവയെല്ലാം

100. നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ട സ്വയംപര്യാപ്തമായ ബോധനയൂണിറ്റുകളാണ്
A. ബോധനകിറ്റുകൾ B. വിഭവയൂണിറ്റ്
C. മൊഡ്യൂളുകൾ D. ഏകകയൂണിറ്റ്

# ഉത്തരങ്ങൾ

# HSA ഫിസിക്കൽ സയൻസ് മാതൃകാപരീക്ഷ - 5

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1. D | 2. B | 3. C | 4. D | 5. C | 6. B | 7. B | 8. D | 9. A | 10. C | 11. C |
| 12. A | 13. C | 14. B | 15. C | 16. A | 17. A | 18. A | 19. D | 20. C | 21. B | 22. B |
| 23. C | 24. D | 25. B | 26. A | 27. C | 28. B | 29. A | 30. D | 31. C | 32. C | 33. D |
| 34. C | 35. B | 36. C | 37. A | 38. B | 39. A | 40. B | 41. C | 42. A | 43. D | 44. A |
| 45. C | 46. A | 47. A | 48. C | 49. B | 50. A | 51. D | 52. B | 53. B | 54. A | 55. A |
| 56. A | 57. B | 58. D | 59. D | 60. A | 61. A | 62. C | 63. C | 64. C | 65. C | 66. B |
| 67. C | 68. B | 69. C | 70. D | 71. A | 72. A | 73. B | 74. B | 75. A | 76. D | 77. B |
| 78. B | 79. A | 80. B | 81. B | 82. A | 83. B | 84. B | 85. D | 86. B | 87. C | 88. D |
| 89. A | 90. B | 91. D | 92. D | 93. C | 94. A | 95. B | 96. B | 97. D | 98. C | 99. D |
| 100. C | | | | | | | | | | |